# ഉള്ളടക്കം


മലനാട്ടിലാതി xi

സമൂഹവ്യാപനത്തിന്റെ മൊഴിമുദ്ര

- ഡോ. ജോസഫ് സ്കറിയ

വാചികപാരമ്പര്യം- xxxiii

വിജ്ഞാനത്തിന്റെ സ്രോതസ്സ് - മുഖവുര

- കാവാലം നാരായണപ്പണിക്കർ

അവതാരിക xxxix

ഡോ. സ്കറിയാ സക്കറിയ

മലനാട്ടിലാതി

1. ഇരുമെല്ലൂപ്പെണ്ണിനെത്തേടിപ്പോകുന്ന കഥ 1
2. പാണ്ടിപ്പെരുമരം 30
3. ജന്മം തൊഴാൻ പാണ്ടിക്കളരിയിൽ 106

പഠനങ്ങൾ

പാട്ടുമണ്ഡലവും വ്യക്തിപ്രകാശനങ്ങളും 133

- ഡോ. പി. ആന്റണി

എടനാടൻ, ചെങ്ങന്നൂരാതി, മലനാട്ടിലാതി 140

ദേശ ജാതിപ്പെരുമകളുടെ ആഖ്യാനങ്ങൾ

- ഡോ. സജിത കെ.ആർ.

സംഭാഷണം 151

കൊടുപ്പുന്ന ഇട്ട്യാതിപ്പണിക്കൻ /

ഡോ. ജോസഫ് സ്കറിയ

പദാർഥസൂചിക 167

*Malayalam*
***Malanattilathi***
**Kuttanadan Vaamozhi Ithihasam**
*(Folk epic of Kuttandu)*
*by*
Dr. Joseph Scariah

*First Published:* November 2015

*Typeset at*
SIL-DTP Section

*Printed at*
Aswini Printers
Kalady, Thiruvananthapuram-2

*Published by*
The State Institute of Languages, Kerala
Thiruvananthapuram 695 003

© The State Institute of Languages, Kerala
Thiruvananthapuram - 2015

*Copies:* 500

***Price:* Rs 130/-**

ISBN 978-81-200-3815-8

---

*Published by the State Institute of Languages, Kerala, Thiruvananthapuram, under the scheme for production of text books and literature in regional languages, at the University level sponsored by the Government of India, Ministry of Human Resource Development (Department of Culture) New Delhi.*

---

SIL/3815 FT / 2337

# എടനാടൻ, ചെങ്ങന്നൂരാതി, മലനാട്ടിലാതി- ദേശ ജാതിപ്പെരുമകളുടെ ആഖ്യാനങ്ങൾ

ഡോ. സജിത കെ.ആർ.

മധ്യതിരുവിതാംകൂറിലെ, പ്രത്യേകിച്ച്, കുട്ടനാട്ടിലെ പറയരുടെ ഇടയിലുള്ള മൂന്നു വീരകഥാഗാനങ്ങളാണ് എടനാടൻപാട്ട്, ചെങ്ങന്നൂരാതി, മലനാട്ടിലാതി. കേരളത്തിന്റെ ജാതിഘടനയിൽ താഴെത്തട്ടിലുള്ള പറയർ പാടുന്ന നിരവധി വീരകഥാഗാനങ്ങളിൽ പ്രധാനപ്പെട്ടവയാണ് ഇവ. മങ്കൊമ്പിലാതി, കൊഴുവല്ലൂരാതി, മണിയാറ്റിലാതി, ഇരമല്ലൂരാതി, വെങ്കോലം ആതി തുടങ്ങിയവ ഇവർ പാടുന്ന മറ്റു പാട്ടുകളാണ്. സമാനജാതിക്കാർ, കൂട്ടുപണിക്കാർ എന്നീ നിലകളിൽ പുലയർ ഇതു പാടുമെങ്കിലും പാട്ടിനുള്ളിൽ പ്രവർത്തിക്കുന്ന ജാതിബോധം പറയരുടേതാണ്. മറ്റു ജാതികളുമായി സമാനതകൾ പങ്കുവയ്ക്കുമ്പോഴും തമ്മിൽ തമ്മിൽ വ്യത്യസ്തരാകുക ജാതികളുടെ സ്വഭാവമാണ്. പുലയരോടൊപ്പം കൃഷിപ്പണി ചെയ്യുമ്പോഴും പറയർ സമാന്തരമായി കൂട്ടനെയ്ത്തും നടത്തുന്നു, സ്വന്തമായി ഒരു ജാതിഭാഷ സൂക്ഷിക്കുന്നു. അതാണ് അവരെ തമ്മിൽ വേർതിരിക്കുന്ന ജാതി ബോധം. ചെങ്ങന്നൂരാതിയും, മലനാട്ടിലാതിയും തങ്ങൾ പറയിപെറ്റ പറമകനാണ് എന്ന ജാതിബോധം പുലർത്തുന്നവരാണ്. പുതുതായും പാട്ടുകൾ ഉണ്ടാകുന്നുവെങ്കിലും നാടൻ പാട്ടുകൾ രൂപപ്പെട്ട സാമൂഹ്യ സാഹചര്യം ഫ്യൂഡൽ ഘടനയുടെ തൊഴിൽ ബന്ധങ്ങളിൽ നിന്നാണ്. ശ്രേണീകരിക്കപ്പെട്ട സാമൂഹ്യവ്യവസ്ഥയിൽ കീഴാളജനത തൊഴിലിടങ്ങളിൽ പാടിയിരുന്ന പണിപ്പാട്ടുകളാണ് നാടൻ പാട്ടുകളെന്ന നിലയിൽ ഇന്നറിയപ്പെടുന്നതിൽ ഭൂരിഭാഗവും. വടക്കൻ പാട്ടുകൾ പാടത്തെപ്പാട്ടുകളാണെന്നതു പ്രസിദ്ധമാണ്. ഓരോ ജാതിക്കും വ്യത്യസ്ത ജീവിതങ്ങളുണ്ടായിരുന്ന ഫ്യൂഡൽ ഘടനയിൽ അവ വൈവിധ്യമാർന്നു നിന്നു. നെൽക്കൃഷിയുമായി ബന്ധപ്പെട്ടു നിന്നിരുന്നതുകൊണ്ട് പറയരുടെയും പുലയരുടെയും ഇടയിൽ കൃഷിപ്പാട്ടുകളുടെ വൻശേഖരമുണ്ട്. കൃഷിയവസരങ്ങളിൽ പാടുന്നതിനു പുറമേ ഇവരുടെ മറ്റു ആനന്ദവേളകളിലും ഈ പാട്ടുകൾ പാടുന്നു. അപ്പോൾ പാട്ടുകൾക്ക് വ്യത്യസ്തമായ അവതരണരീതികളും കൈവരുന്നു. അങ്ങനെ ജീവിതത്തിന്റെ എല്ലാ മേഖലകളെയും സ്പർശിച്ചുകൊണ്ട് പാട്ടുകൾ ആവർത്തിച്ചും പുതുക്കിയും ഇവർ നിലനിർത്തുന്നു.



# മലനാട്ടിലാതി

## കുട്ടനാടൻ വാമൊഴി ഇതിഹാസം

സമ്പാദനം: ഡോ. ജോസഫ് സ്കറിയ

# മലനാട്ടിലാതി

## കുട്ടനാടൻ വാമൊഴി ഇതിഹാസം

എഡിറ്റർ

**ഡോ. ജോസഫ് സ്കറിയ**

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**

തിരുവനന്തപുരം